**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 142** **19-01-2021 - ൽ മറുപടിയ്ക്ക്**

**ജൈവകൃഷി പ്രോത്സാഹനത്തിന് ഇക്കോ ഷോപ്പുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. കൃഷ്ണൻ,<br>ശ്രീ. സി.കെ. ഹരീന്ദ്രൻ ,<br>ശ്രീ . ജോർജ് എം .തോമസ് ,<br>ശ്രീ യു. ആർ. പ്രദീപ് | | Shri. V. S. Sunil Kumar<br>(കൃഷി വകുപ്പുമന്ത്രി) | |
| (എ) | നിലവിലുള്ള ജൈവകാർഷിക നയത്തെ അടിസ്ഥാനമാക്കി സംസ്ഥാനത്ത് ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്; | (എ) | നിലവിലുള്ള ജൈവ കാർഷിക നയത്തെ അടിസ്ഥാനമാക്കി സംസ്ഥാനത്ത് ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ഈ സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ ചുവടെ ചേർക്കുന്നു. ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി നാളിതുവരെ ജൈവ കൃഷിയും ഉത്തമ കൃഷിമുറകളും പദ്ധതി പ്രകാരം 1405 ക്ലസ്റ്ററുകളിലായി 35220ഹെക്ടറിലും, കുട്ടനാട്ടിലെ ജിഎപി പ്രകാരം 27750 ഹെക്ടറിലും എന്നിങ്ങനെ ജൈവ കൃഷി വ്യാപിപ്പിക്കുവാൻ സാധിച്ചു. ഉത്തമ കൃഷി മുറകൾ പാലിച്ച് ക്ലസ്റ്ററുകൾ ഉല്പാദിപ്പിക്കുന്ന പഴം, പച്ചക്കറികൾ സംഭരിച്ച് വിപണനം നടത്തുന്നതിനായി കേരളത്തിലുടനീളം ഇക്കോഷോപ്പുകൾ സ്ഥാപിച്ചു. ഒരു ഇക്കോഷോപ്പിന് 2.00 ലക്ഷം രൂപ വീതം ധനസഹായം നല്കി നടപ്പ് സാമ്പത്തിക വർഷം 14 ഇക്കോഷോപ്പുകൾ പുതുതായി സ്ഥാപിച്ചു. കൂടാതെ മുൻ വർഷങ്ങളിൽ മികച്ച പ്രവർത്തനം കാഴ്ചവച്ച 15 ഇക്കോഷോപ്പുകളുടെ സുഗമമായ പ്രവർത്തനത്തിന് വേണ്ടി 14.70380 ലക്ഷം രൂപ ധനസഹായം നല്കി പദ്ധതി നടപ്പിലാക്കി വരുന്നു. ക്ലസ്റ്ററുകളിൽ നിന്നും ശേഖരിക്കുന്ന ഉല്പന്നങ്ങൾ തരംതിരിച്ച്, ഗ്രേഡ് ചെയ്ത് "കേരള ഓർഗാനിക്" എന്ന് ബ്രാൻഡ് നെയിമിൽ പായ്ക്കറ്റുകളിലാക്കി വിൽക്കുന്നു. പരിസ്ഥിതിക്ക് അനുയോജ്യമായ വസ്തുക്കളാണ് പായ്ക്കിംഗിനായി ഉപയോഗിക്കുന്നത്. ഈ സർക്കാർ വന്നതിനു ശേഷം ഇതുവരെ ആകെ 274 ഇക്കോഷോപ്പുകൾ സ്ഥാപിച്ചു. ഇക്കോഷോപ്പുകളിൽ നിന്നും പഴം, പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് കേരള കാർഷിക സർവ്വകലാശാലയിലെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന |

| | | | |
|---|---|---|---|
| | | | ലബോറട്ടറിയിൽ പരിശോധിച്ച് ഗുണമേന്മ ഉറപ്പാക്കി 3 മാസത്തിൽ ഒരിക്കൽ ഫലം കേരളസർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in-ൽ പ്രസിദ്ധീകരിക്കുകയും, അതുവഴി ഉപഭോക്താക്കളുടെ ഇടയിൽ കൂടുതൽ സ്വീകാര്യത കൈവരിക്കുവാനും സാധിച്ചു. കൂടാതെ പരമ്പരാഗത കൃഷി വികാസ് യോജന (പി.കെ.വി.വൈ) പദ്ധതി പ്രകാരവും ജൈവകൃഷി വ്യാപനം നടത്തുന്നു. തുടർച്ചയായി മൂന്നു വർഷം ധനസഹായം നൽകി ജൈവകൃഷി നടപ്പിലാക്കുന്നു. ക്ലസ്റ്റർ ഒന്നിന് 14.95 ലക്ഷം രൂപ വീതം ആകെ 1151.97485 ലക്ഷം രൂപ ചെലവഴിച്ച് 624 ക്ലസ്റ്ററുകൾ രൂപീകരിച്ചു 12480 ഹെക്ടർ സ്ഥലത്ത് ജൈവകൃഷി വ്യാപിപ്പിച്ചു. ക്ലസ്റ്റർ അടിസ്ഥാനത്തിൽ ഓരോ കർഷകനും പി.ജി.എസ് സർട്ടിഫിക്കേഷൻ നൽകുന്നു. നാളിതുവരെ 2445 PGS സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം പുതിയ 5 ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി രൂപരേഖ തയ്യാറാക്കി നടപടികൾ സ്വീകരിച്ചു വരുന്നു. ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി ഒക്ടോബർ മാസത്തിൽ പട്ടാമ്പിയിൽ ജീവാണു ജൈവവള ഗുണനിയന്ത്രണ ശാല പ്രവർത്തനം ആരംഭിച്ചു. പട്ടാമ്പിയിൽ ലാബ് പ്രവർത്തനക്ഷമമാകുന്നതോടു കൂടി വിപണിയിൽ ലഭ്യമായ ജൈവ ജീവാണു വളത്തിന് ആനുപാതികമായി പ്രതിവർഷം 1000 സാമ്പിളുകളെങ്കിലും പരിശോധിക്കാൻ സാധിക്കും. ഇപ്രകാരം ഗുണമേന്മയുള്ള ജൈവ ജീവാണു വളങ്ങളും കർഷകർക്ക് ലഭ്യമാക്കുവാൻ സാധിക്കുന്നതാണ്. പൂർണമായും സ്വാഭാവിക കൃഷി പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തിൽ കേന്ദ്ര സഹായത്തോടു കൂടി കാർഷിക പരിസ്ഥിതി അധിഷ്ഠിത വിള സംരക്ഷണം (സുഭിക്ഷം സുരക്ഷിതം പദ്ധതി) പ്രകാരം 168 ക്ലസ്റ്ററുകളിലായി 84000 ഹെക്ടറിൽ പദ്ധതി നടപ്പിലാക്കി വരുന്നു. 500 ഹെക്ടർ വീതമുള്ള ഓരോ ക്ലസ്റ്ററിനും 26.52 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | പൂർണ്ണമായും ജൈവരീതിയിൽ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾക്ക് ന്യായമായ വില ലഭ്യമാക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | പൂർണ്ണമായും ജൈവരീതിയിൽ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾക്ക് ന്യായമായ വില ലഭ്യമാക്കുന്നതിന് കമ്പോള വിലയേക്കാൾ ഉയർന്ന വിലയ്ക്ക് സംഭരിച്ച് വിപണനം നടത്തുന്നതിനായി ഇക്കോഷോപ്പുകളും ജൈവ ക്ലസ്റ്ററുകളുടെ നേരിട്ടുള്ള വിപണികളും ആരംഭിച്ചിട്ടുണ്ട്. Good Agricultural Practices (ജിഎപി) സർട്ടിഫിക്കേഷനോടു കൂടിയ തിരഞ്ഞെടുക്കപ്പെട്ട ജി.എ.പി ക്ലസ്റ്ററുകളിൽ നിന്നും ഉല്പന്നങ്ങൾ ശേഖരിച്ച് തരംതിരിച്ച് , ഗ്രേഡ് ചെയ്ത് "സേഫ് റ്റു ഈറ്റ് - കേരള ഓർഗാനിക്" ലേബലോടു കൂടിയ പായ്ക്കറ്റുകളിലാക്കി ഇക്കോഷോപ്പുകളിലൂടെ |

| | | | |
|---|---|---|---|
| | | | വിപണനം നടത്തുന്നു. ഇങ്ങനെ കർഷകരിൽ നിന്നും ശേഖരിച്ച് ഇക്കോഷോപ്പുവഴി ലഭ്യമാകുന്നുണ്ട്. ഈ സംരംഭം കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾ ഇടനിലക്കാരുടെ ചൂഷണമില്ലാതെ നേരിട്ട് വിൽക്കുന്നതിന് സാധ്യമാക്കുന്നു. "സേഫ് റ്റൂ ഈറ്റ് - കേരള ഓർഗാനിക്" ലേബലോടു കൂടിയ "സുരക്ഷിത പച്ചക്കറികൾ" പരിസ്ഥിതി സൗഹൃദമായ പായ്ക്കറ്റുകളിലാണ് വിപണനം നടത്തുന്നത്. ഇത്തരം ഉല്പന്നങ്ങൾ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, മറ്റ് ജില്ലാ ആസ്ഥാനങ്ങൾ എന്നിവിടങ്ങളിലെ നേരിട്ടുള്ള വിപണി വഴിയും വിപണനം നടത്തുന്നു. കൂടാതെ ഹോർട്ടികോർപ്പിന്റെ വിവിധ വിൽപന കേന്ദ്രങ്ങളിൽ ജൈവ ഉൽപന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള പ്രത്യേക സജ്ജീകരണങ്ങൾ ഒരുക്കി വരുന്നു. |
| (സി) | ജൈവകൃഷി വികസന പദ്ധതിയുടെ ഭാഗമായി ഈ സർക്കാർ ഇതുവരെ എത്ര ഇക്കോ ഷോപ്പുകൾ ആരംഭിച്ചിട്ടുണ്ടെന്നറിയിക്കുമോ; | (സി) | ജൈവകൃഷി വികസന പദ്ധതിയുടെ ഭാഗമായി ഈ സർക്കാർ ഇതുവരെ ആകെ 274 ഇക്കോഷോപ്പുകൾ സ്ഥാപിച്ചു. |
| (ഡി) | സംസ്ഥാനത്ത് ജൈവകൃഷിയും ഉത്തമകൃഷിമുറകളും ഫലപ്രദമായി നടപ്പാക്കുന്നതിന്റെ ഭാഗമായി ഇക്കോ ഷോപ്പുകളുടെ പ്രവർത്തനം വ്യാപകമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ഡി) | നല്ല കൃഷി മുറകൾ പാലിച്ച് ജിഎപി സർട്ടിഫിക്കേഷനോടു കൂടി ക്ലസ്റ്ററുകൾ ഉല്പാദിപ്പിക്കുന്ന പഴം, പച്ചക്കറികൾ സംഭരിച്ച് തരംതിരിച്ച്, ഗ്രേഡ് ചെയ്ത് പരിസ്ഥിതിക്ക് അനുയോജ്യമായ വസ്തുക്കൾ ഉപയോഗിച്ച് പായ്ക്ക് ചെയ്ത് "കേരള ഓർഗാനിക്" ലേബലോടു കൂടി വിപണനം നടത്തുന്നതിനായി ഇക്കോഷോപ്പുകൾ സ്ഥാപിച്ചു. കർഷകരിൽ നിന്നും നേരിട്ടു സംഭരിച്ച ജൈവ ഉല്പന്നങ്ങളാണ് ഇക്കോഷോപ്പുകൾ വഴി വില്പന നടത്തുന്നത്. ഒരു ഇക്കോഷോപ്പിന് 2 ലക്ഷം രൂപ വീതം ധനസഹായം നല്കുന്നുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും പച്ചക്കറി സംഭരിച്ച് വില്പന നടത്തുന്നതിനുമുള്ള റിവോൾവിംഗ് ഫണ്ടിനായും ഈ തുക ചെലവഴിച്ചു വരുന്നു. ഇക്കോഷോപ്പുകൾക്ക് അനുയോജ്യമായ സ്ഥലം കണ്ടെത്തി ഇതിനായി താല്പര്യമുള്ള ഏജൻസി മുഖേനയാണ് പദ്ധതി നടപ്പിലാക്കിയത്. ആകെ 274 ഇക്കോഷോപ്പുകൾ സംസ്ഥാനത്ത് സ്ഥാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ